**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3275 **19.10.2016**-ലെ മറുപടിക്ക്

<u>ആസ്തി വികസന പദ്ധതിയിൽപെടുത്തി പട്ടികജാതി കോളനികളുടെ വികസനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ ആസ്തി വികസന പദ്ധതിയിൽ പെടുത്തി പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള പ്രവൃത്തികൾക്ക് എ.എസ്. ലഭിച്ചിട്ടുണ്ടോ; പ്രവൃത്തികൾ നടന്നു വരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള പ്രവൃത്തികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. |
| (ബി) | പട്ടികജാതി കോളനികളുടെ വികസനത്തിനായി സംസ്ഥാനത്ത് നടന്ന് വരുന്ന വ്യത്യസ്തവും നൂതനവുമായ പദ്ധതികളുടെ വിശദാംശം, പദ്ധതികൾ തയ്യാറാക്കിയത് ആര് എന്നിവ വിശദമാക്കുമോ? | (ബി) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ വഴി വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പട്ടികജാതി വികസന വകുപ്പാണ് പദ്ധതികൾ തയ്യാറാക്കിയത്. |

സെക്ഷൻ ഓഫീസർ